# കത്തോലിക്കാസഭയുടെ മതബോധന ഡയറക്ടറി

1. പാരമ്പര്യത്തോടുകൂടെ വിശുദ്ധലിഖിതം വിശ്വാസത്തിന്റെ പരമമായ നിയമമാണ് എന്ന് രണ്ടാം വത്തിക്കാൻ കൗൺസിൽ ഊന്നിപ്പറയുന്നതിന്റെ കാരണമെന്ത് ?
    - ദൈവത്തിന്റെ തന്നെ വാക്ക് കൈമാറുന്നു, പരിശുദ്ധാത്മാവിന്റെ ശബ്ദം പ്രതിദ്ധ്വനിപ്പിക്കുന്നു.
2. ക്രൈസ്തവ ജീവിതത്തിൽ വിശുദ്ധലിഖിതത്തിനുള്ള പ്രാധാന്യം വിശദമാക്കുന്ന രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ കോൺസ്റ്റിറ്റ്യൂഷൻ ഏതാണ് ?
    - ദൈവവചനം (Deiverbum).
3. നമ്മുടെ കാലഘട്ടത്തിലെ എല്ലാ മതബോധന പ്രവർത്തനത്തിനുമുള്ള പ്രചോദനത്തിന്റെ രണ്ടു മൗലികഉറവിടങ്ങൾ ഏവ?
    - വിശുദ്ധലിഖിതവും കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും.
4. മതബോധനം എന്താണ് കൈമാറുന്നത് ?
    - ദൈവവചനത്തിന്റെ ഉള്ളടക്കം.
5. വിശുദ്ധപിതാക്കന്മാരുടെ വാക്കുകൾ എന്തിന് സാക്ഷ്യം നല്കുന്നു?
    - സഭയുടെ പാരമ്പര്യത്തിന്റെ സജീവ സാന്നിദ്ധ്യത്തിന്.
6. വിശ്വാസത്തിലുള്ള വിദ്യാഭ്യാസം ആശ്ലേഷിക്കുന്ന വിവിധ മാനങ്ങൾ ഏവ?
    - വിശ്വാസത്തിന്റെ ഏറ്റുപറച്ചിൽ, ആഘോഷം, ജീവിതം, പ്രാർത്ഥന.
7. പ്രാദേശിക മതബോധന ഗ്രന്ഥങ്ങളുടെ ദൗത്യം എന്ത്?
    - സംസ്കാരത്തിന്റേയും സംസ്കാരങ്ങളുടേയും ഹൃദയത്തിലേയ്ക്ക് സുവി ശേഷത്തിന്റെ ശക്തി കൊണ്ടെത്തിക്കുക.
8. പ്രാദേശിക മതബോധന ഗ്രന്ഥങ്ങൾവഴി സഭ സാക്ഷാത്കരിക്കുന്നതെന്ത്?
    - ദൈവികമായ അദ്ധ്യാപനവിദ്യ.
9. ഈ മതബോധന ഗ്രന്ഥങ്ങളിൽ സഭ സുവിശേഷം പകർന്നുനല്കുന്നതെങ്ങനെ?
    - മനുഷ്യവ്യക്തിക്കു സമീപിക്കാവുന്ന രീതിയിൽ
10. മതബോധന പ്രക്രിയയ്ക്ക് എപ്പോഴും സംലഭ്യമായിരിക്കേണ്ട രണ്ടു ടെക്സ്റ്റുകൾ ഏവ?
    - വിശുദ്ധലിഖിതങ്ങളും മതബോധനഗ്രന്ഥവും.
11. പ്രാദേശിക മതബോധന ഗ്രന്ഥം വിശ്വാസോദ്ഗ്രഥനത്തെ അവതരിപ്പിക്കേണ്ടതെങ്ങിനെയാണ്?
    - വേദാർത്ഥികളും, മതബോധനത്തിനു വിധേയരാകേണ്ടവരും മുഴുകിക്കഴിയുന്ന പ്രത്യേക സംസ്കാരത്തോടു ബന്ധപ്പെടുത്തി.
12. എപ്രകാരമുള്ള പ്രാദേശിക മതബോധനഗ്രന്ഥത്തിനാണ്, ക്രൈസ്തവസന്ദേശം അർത്ഥപൂർണ്ണമായി അവതരിപ്പിക്കുവാൻ കഴിയുന്നത്?
    - സന്ദേശത്തോടും മനുഷ്യവ്യക്തിയോടും വിശ്വസ്തത പുലർത്തുന്നവ.
13. പ്രാദേശികസഭകൾ മതബോധനഗ്രന്ഥം വഴി സുവിശേഷ സന്ദേശത്തെ സാഹചര്യാനുസൃതമാക്കുകയും സാംസ്കാരികാനുരൂപണം നടത്തുകയും ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ എവ?
    - പക്വമായ സർഗശക്തി ഉപയോഗിക്കണം, തങ്ങളുടെ സാഹചര്യത്തിൽ സുവിശേഷത്തെ കൈമാറാനുള്ള ഘടകങ്ങൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദ്ദേശത്തിൻ കീഴിൽ തെരഞ്ഞെടുക്കുകയും സംഘടിപ്പിക്കുകയും പ്രകാശിപ്പിക്കുകയും വേണം.
14. സിദ്ധാന്തപരമായ സംശോധനാ കേന്ദ്രമായി നല്കപ്പെട്ടിരിക്കുന്ന ഗ്രന്ഥം ഏതാണ്?
    - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥം.
15. ഒരേ അപ്പസ്തോലിക വിശ്വാസത്തിന്റെ ഐക്യം പ്രകടമാക്കി ഒറ്റ യൂണിറ്റായി രൂപപ്പെടുന്ന ഗ്രന്ഥങ്ങൾ ഏവ?
    - കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും, പ്രാദേശിക മതബോധന ഗ്രന്ഥങ്ങളും.
16. സഭ തന്റെ കാതോലികവും സാർവ്വത്രികവുമായ വീക്ഷണത്തോടെ ഈ രണ്ടു മതബോധന ഗ്രന്ഥങ്ങളേയും (കത്തോലിക്കാസഭയുടെ മതബോധനഗ്രന്ഥവും, പ്രാദേശിക മതബോധനഗ്രന്ഥവും) പറ്റി ധ്യാനിക്കുമ്പോൾ ക്രിസ്തുശിഷ്യർക്ക് സത്യത്തിൽ എന്തുപറയാൻ കഴിയണം?
    - ''ഇതാണ് ഞങ്ങളുടെ വിശ്വാസം, ഇതാണ് സഭയുടെ വിശ്വാസം''

17. പ്രേഷിത വൃത്തിക്കായി ശിഷ്യന്മാരെ പരിശീലിപ്പിച്ച യേശു തന്നെത്തന്നെ അവതരിപ്പിച്ചതെങ്ങനെയാണ്?
    - ഏകഗുരുവായിട്ടും, അതേസമയം ക്ഷമാശീലനും വിശ്വസ്തനുമായ സുഹൃത്തായും.
18. പ്രേഷിതവൃത്തി പരിചയത്തിനായി അയച്ച ശിഷ്യന്മാർക്ക് യേശു പരിശുദ്ധാത്മാവിനെ അയച്ചത് എന്തിനു വേണ്ടിയാണ്?
    - പൂർണ്ണ സത്യത്തിലേയ്ക്ക് അവരെ നയിക്കാനും പ്രയാസങ്ങളുടെ ഒഴിവാക്കാനാവാത്ത നിമിഷങ്ങളിൽ അവരെ താങ്ങിനിർത്താനും.
19. എങ്ങിനെയുള്ള അദ്ധ്യാപകനാണ് യേശുക്രിസ്തു?
    - ദൈവത്തെ മനുഷ്യന് വെളിപ്പെടുത്തുകയും, മനുഷ്യന് അവനെത്തന്നെ വെളിപ്പെടുത്തുകയും ചെയ്യുന്ന അദ്ധ്യാപകൻ.
20. ഗുരുവായ യേശുവിന്റെ വിദ്യാലയത്തിൽ ഉത്തരവാദിത്വമുള്ള വ്യക്തിയെന്ന നിലയിൽ മതപ്രബോധകൻ എന്താണ് ചെയ്യുക?
    - ദൈവകൃപയുടെ നിഗൂഢ പ്രവർത്തനത്തോട് തന്റെ പ്രവർത്തനത്തെ അവഗാഢം യോജിപ്പിക്കുന്നു.
21. വെളിപാടിന്റെ പരമലക്ഷ്യം എന്ത്?
    - വ്യക്തിയുടെ രക്ഷ.
22. യഥാർത്ഥത്തിൽ ഒരു മതപ്രബോധകന്റെ ദൗത്യം എന്താണ്?
    - ദൈവത്തെ കണ്ടുമുട്ടാൻ ഒരുവ്യക്തിയെ സഹായിക്കുകയാണ്.
23. നമ്മുടെ വിശ്വാസത്തിന്റെ ഗുരുനാഥ?
    - സഭ.
24. ക്രൈസ്തവസമൂഹം തന്നിൽതന്നെ സജീവമായ മതബോധനമായിരിക്കുന്നു എന്നു പറയുവാൻ കാരണമെന്ത്?
    - നമ്മുടെ അമ്മയെന്നനിലയിൽ സഭ നമ്മുടെ വിശ്വാസത്തിന്റെ ഗുരുനാഥയുമാണ്.
25. ദൈവികവിദ്യാഭ്യാസം സ്വീകരിക്കുവാനുള്ള മാർഗങ്ങൾ ഏവ?
    - മതബോധനം വഴിയും, അറിവും അനുഭവവും വഴിയും.
26. ദൈവത്തിന്റെ അദ്ധ്യാപനം പൂർണ്ണമാകുന്നതെപ്പോൾ?
    - ക്രിസ്തുവിന്റെ പരിപൂർണ്ണതയുടെ അളവനുസരിച്ച് പക്വതയാർന്ന മനുഷ്യനായിത്തീരുമ്പോൾ.
27. വിശ്വാസത്തിന്റെ അദ്ധ്യാപകർക്ക് അവശ്യം വേണ്ട യോഗ്യതകൾ ഏവ?
    - ക്രിസ്തുവിന്റേയും സഭയുടേയും അവബോധമുള്ളവരും വിശ്വസ്തരുമായിരിക്കണം.
28. ദൈവത്തിന്റെ സ്വയാവിഷ്കാരത്തിന്റെ പരമമായ കാരണമെന്ത്?
    - ദൈവത്തിന്റെ സ്നേഹം.
29. മതബോധനത്തിൽ യേശുക്രിസ്തുവിൽനിന്നും സ്വീകരിക്കുന്ന അടിസ്ഥാനനിയമത്തിന്റെ സവിശേഷതയെന്ത്?
    - ഏകവും സ്നേഹപൂർണ്ണവുമായ മനോഭാവത്തിൽ ദൈവത്തോടുള്ള വിശ്വസ്തതയുടെയും മനുഷ്യനോടുള്ള വിശ്വസ്തതയുടെയും നിയമമാണ്.
30. മതബോധനത്തിലെ ഒരിക്കലും അവസാനിക്കാത്ത ദൗത്യമെന്ത്?
    - ദൈവവചനവും അതിന്റെ വികസനമായ സഭയുടെ വിശ്വാസപ്രമാണവും, അത് കേൾക്കുന്നവരുടെ വ്യത്യസ്ത സാഹചര്യങ്ങളിൽ പകർന്നു നല്കാൻ കഴിവുള്ള ഒരു ഭാഷ കണ്ടുപിടിക്കുകയെന്നതാണ്.
31. ജീവിതത്തിന്റെ മതാത്മകമാനത്തിലേയ്ക്ക് തന്നെത്തന്നെ തുറക്കുവാൻ ഒരുവ്യക്തിയെ സഹായിക്കുന്നതെന്ത്?
    - വിശ്വാസത്തിന്റെ അദ്ധ്യാപനവിദ്യയാൽ പ്രചോദിതമായ മതബോധനം.
32. എന്തിന്റെ അടിസ്ഥാനത്തിലാണ് സമകാലീന രീതികളെ സഭ വിവേചിച്ചറിയുന്നത്?
    - ദൈവത്തിന്റെ അദ്ധ്യാപനവിദ്യയുടെ.
33. ജീവന്റെയും സമ്പന്നതയുടേയും അടയാളമായി ചൂണ്ടിക്കാണിക്കപ്പെടുന്നതെന്ത്?
    - മതബോധനരീതികളുടെ വൈവിദ്ധ്യം.

34. മതബോധനത്തിൽ രീതിശാസ്ത്രത്തിന്റെ ലക്ഷ്യമെന്ത്?
    - വിശ്വാസത്തിൽ വിദ്യാഭ്യാസം നടത്തുക.
35. ഉള്ളടക്കത്തോടുള്ള വിശ്വസ്തതയുടെ ഗ്യാരണ്ടിയാണ് ------------.
    - നല്ല മതബോധനരീതി.
36. അദ്ധ്യാപനത്തിലെ കൈമാറ്റപ്രക്രിയ എങ്ങിനെയുള്ളതായിരിക്കണം?
    - സന്ദേശത്തിന്റെ സ്വഭാവത്തിന് പറ്റിയതായിരിക്കണം.
37. മതബോധനം എന്തിന്റെ കൈമാറ്റമാണ്?
    - വിശ്വാസത്തിന്റെ.
38. വെളിപാടിന്റെ പദ്ധതിയോട് അനുരൂപപ്പെടുന്ന മതബോധന രീതിയേതാണ്?
    - അനുമാനരീതി.
39. മതബോധനത്തിൽ ഹൃദിസ്ഥമാക്കാൻ പരിഗണിക്കേണ്ട വിഷയങ്ങൾ ഏത്?
    - വിശ്വാസത്തിന്റെ പ്രധാന ഫോർമുലകൾ.
40. മതബോധനത്തിൽ വിശ്വാസസമ്പർക്കം സാക്ഷാത്കരിക്കപ്പെടുന്നതെങ്ങനെ?
    - ദൈവവചനവും വ്യക്തിയുടെ അനുഭവവും തമ്മിലുള്ള കണ്ടുമുട്ടലിലൂടെ.
41. മതാദ്ധ്യാപനവിദ്യയുടെ സ്ഥിരമായ ദൗത്യമെന്ത്?
    - അനുഭവത്തെ വിശ്വാസത്തിന്റെ വസ്തുതകളായി വ്യാഖ്യാനിക്കുകയും പ്രകാശിപ്പിക്കുകയും ചെയ്യുക.
42. വിശ്വാസത്തിന്റെയും ഭക്തിയുടേയും പുഷ്പിക്കൽ ഉണ്ടാവുകയില്ലാത്തതെവിടെയാണ്?
    - സ്മരണയില്ലാത്ത മതബോധനത്തിന്റെ മരുഭൂപ്രദേശങ്ങളിൽ.
43. എല്ലാ മതബോധനരീതിയുടേയും ആത്മാവായി വർത്തിക്കുന്നതെന്ത്?
    - പരിശുദ്ധാത്മാവ് നല്കിയ സിദ്ധിയും ഉറപ്പുള്ള ആധ്യാത്മികതയും സുതാര്യമായ ജീവിതസാക്ഷ്യവും.
44. മതപ്രബോധകന്റെ അദ്ധ്യാപനോപാധികളുടെ നല്ല ഉപയോഗത്തിനുള്ള ഉറപ്പ് എന്ത്?
    - അയാളുടെ മാനുഷീകവും ക്രൈസ്തവവുമായ സദ്ഗുണങ്ങൾ.
45. ഒരു മതപ്രബോധകൻ തന്റെ പ്രവർത്തനങ്ങളുടെ പിന്തുണ എപ്പോഴും ഉറപ്പുവരുത്തേണ്ടത് എന്തിൽനിന്നുമാണ്?
    - പരിശുദ്ധാത്മാവിലുള്ള വിശ്വാസത്തിൽനിന്നും പ്രാർത്ഥനയിൽ നിന്നുമാണ്.
46. മതബോധനത്തിൽ അദ്ധ്യേതാക്കൾ എന്തിനോട് സമർപ്പണമുള്ളവരായിരിക്കണം?
    - വിശ്വാസം, ശരണം, ഉപവി എന്നിവയുടെ പ്രവർത്തനങ്ങളോട്.
47. ആധുനിക യുഗത്തിലെ ഒന്നാമത്തെ അരയോപ്പാഗസ് എന്താണ്?
    - സാമൂഹിക സമ്പർക്കത്തിന്റെ ലോകം.
48. പക്വമായ തന്റെ വിശ്വാസം മറ്റുള്ളവരുമായി പങ്കുവയ്ക്കാൻ മത പ്രബോധകന് കഴിയുന്നതെങ്ങനെ?
    - സുവിശേഷത്തിന്റെ സജീവസാക്ഷിയായി സഭയുടെ നാമത്തിൽ ഗ്രൂപ്പുകളിൽ (സമൂഹത്തിൽ) പങ്കെടുത്തുകൊണ്ട്.
49. സാമൂഹിക സമ്പർക്ക മാധ്യമങ്ങൾ ഏതെല്ലാം കാര്യങ്ങളിൽ മാർഗ്ഗദർശികളായി വർത്തിക്കുന്നു?
    - വിവരശേഖരണത്തിനും, വിദ്യാഭ്യാസത്തിനും, മാർഗനിർദേശത്തിനും, പെരുമാറ്റത്തിനും, പ്രചോദനത്തിനും.
50. മതപ്രബോധകന് ജനസമൂഹങ്ങളോട് പ്രസംഗിക്കുവാനുള്ള പുതിയതും കൂടുതൽ കാര്യക്ഷമവുമായ പ്ലാറ്റ്ഫോം ഏത്?
    - സാമൂഹിക സമ്പർക്കമാധ്യമങ്ങൾ.